ഫയൽ നം.സി1/91/2024-തൊഴിൽ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ശ്രീ.സെബാസ്റ്റ്യൻ.പി.എ.യുടെ പ്രിൻസിപ്പാൾ ക്ലാസ്സ്-I തസ്തികയിലെ പ്രൊബേഷൻ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.495/2024/LBR തീയതി,തിരുവനന്തപുരം, 05-04-2024

---

പരാമർശം:-
1. 20.06.2023-ലെ സ.ഉ(സാധാ) നം.759/2023/തൊഴിൽ.
2. ട്രെയിനിംഗ് ഡയറക്ടറുടെ 12.03.2024 തീയതിയിലെ ഡി.ടി/859/2024-എ6 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം വ്യാവസായിക പരിശീലന വകുപ്പിലെ പ്രിൻസിപ്പാൾ ക്ലാസ്സ്-I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച ശ്രീ.സെബാസ്റ്റ്യൻ.പി.എ, 01.07.2023 FN-ൽ ടി തസ്തികയിൽ സേവനത്തിൽ പ്രവേശിക്കുകയുണ്ടായി. ശ്രീ.സെബാസ്റ്റ്യൻ.പി.എ. പ്രൊബേഷൻ കാലയളവിൽ അവധികൾ ഒന്നും എടുത്തിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നതോടൊപ്പം ടിയാൾ തന്റെ പ്രൊബേഷൻ കാലയളവ് 31.12.2023 AN -ൽ തൃപ്തികരമായി പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ പ്രസ്തുത തസ്തികയിലെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിലേയ്ക്കായി പരാമർശം 2-ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം 2-ലെ ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.സെബാസ്റ്റ്യൻ.പി.എ.യുടെ പ്രിൻസിപ്പാൾ ക്ലാസ്സ്-I തസ്തികയിലെ പ്രൊബേഷൻ 01.01.2024 FN പ്രാബല്യത്തിൽ തൃപ്തികരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.സെബാസ്റ്റ്യൻ.പി.എ, പ്രിൻസിപ്പാൾ ക്ലാസ്സ്-I (ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usharani L
സെക്ഷൻ ഓഫീസർ
Date: 06-04-2024 11:17:07